Official Monthly Bulletin
August 2013

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com

**Inaguration Ceremony of Indo Bahrain Orthodox Family Meet-2**
**on Sunday, 28th July 2013 at Orthodox Theological Seminary, Kottayam**





MARIAN

Monthly News Bulletin
**St. Mary's Indian Orthodox Cathedral**
Kingdom of Bahrain
August 2013, Issue VII

**Memorial Day**
August 6



**H.G. Alexious Mar Theodosius**

**Editorial Board**

| | | |
|---|---|---|
| Chief Editor | : | Thomas Vaidyan P.K. |
| Editors | : | Robby Punnen , Sijumon Chacko |
| Photos | : | Diju John |
| Type Setting | : | Anu T. Koshy, Mathew Varghese |



## എഡിറ്റോറിയൽ

മനുഷ്യ ജീവിതത്തിന്റെ വികാസ പരിണാമങ്ങളിൽ കുടുംബം നിസ്തുലമായ പങ്ക് വഹിക്കുന്നു. ഒരു വ്യക്തിയുടെ ബഹുമുഖമായ വളർച്ചയ്ക്ക് സ്നേഹനിർഭരമായ കുടുംബാന്തരീക്ഷം അത്യാവശ്യമാണ്. പുതിയ തലമുറയ്ക്ക് ക്രൈസ്തവ ദർശനവും വിശ്വാസവും പകർന്ന് കൊടുക്കുക കുടുംബത്തിന്റെ ദൗത്യമാണ്. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനുള്ള ഏറ്റവും ഫലപ്രദമായ ഉപാധിയും കുടുംബം തന്നെ. അതിന് ക്രിസ്തീയ വിശ്വാസം നമ്മുടെ ഭവനങ്ങളിലുണ്ടെങ്കിലേ അത് സാധ്യമാകൂ...ആധുനികതയുടെ പിന്നാലെ പരക്കം പായുന്ന മനുഷ്യൻ അവന്റെ വിശ്വാസജീവിതം നഷ്ടപ്പെടുത്തിയതുമൂലം കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു.

വിവാഹമോചനങ്ങൾ വർദ്ധിച്ചുവരുന്നു, മാതാപിതാക്കളുടെ സ്നേഹവാത്സല്ല്യങ്ങൾ ലഭിക്കാതെ വളരുന്ന കുട്ടികൾ, തലമുറകൾ തമ്മിലുള്ള സംഘർഷം, ലക്ഷ്യബോധം ഇല്ലാതലയുന്ന യുവജനങ്ങൾ, മക്കളുടെ സ്നേഹപരിചരണങ്ങൾ കിട്ടാതലയുന്ന മാതാപിതാക്കൾ ഇതെല്ലാം കുടുംബ തകർച്ചയുടെ ഉദാഹരണങ്ങളാണ്.

നമ്മുടെ ഭവനങ്ങൾ ആത്മീയതയുടെ ഉറവിടങ്ങളായി മാറണം. ആത്മീയതയുടെ ആദ്യപാഠങ്ങൾ മനസ്സിലാക്കുന്നത് സ്വന്തം ഭവനങ്ങളിൽ നിന്നായിരിക്കണം. നമ്മുടെ കുടുംബം ഒരു പ്രാർത്ഥനാ വേദിയാകുമ്പോൾ അത് തലമുറകളിൽ ദൈവബോധം ശക്തമാക്കുവാൻ കാരണമാകുന്നു. ഭക്തരായ നമ്മുടെ പൂർവ്വികർ പ്രഭാതസൂര്യൻ ഉദിക്കും മുമ്പ് നടത്തിയ പ്രാർത്ഥനകളും സ്തുതിഗീതങ്ങളും മൂലമുണ്ടായ ദൈവീകാനുഗ്രഹമാണ് നാം ഇന്നനുഭവിച്ചു കൊണ്ടിരിക്കുന്നത്. ചെറിയപ്രായത്തിൽ മാതാപിതാക്കൾക്കൊപ്പം മുട്ടുമടക്കിയ കുഞ്ഞുങ്ങൾ പിൽക്കാലത്ത് ജീവിതവിജയം നേടിയവരായിത്തീർന്നിട്ടുണ്ടെന്നുള്ളത് ഒരു ചരിത്രയാഥാർത്ഥ്യമാണ്. പല ഭവനങ്ങളുടെയും നന്മയ്ക്ക് നിദാനവും ഇതുതന്നെ.

ഈ നോമ്പുകാലം അതിനുള്ള വേദികളായി നമ്മുടെ ഭവനങ്ങൾ മാറണം, നമ്മുടെ കുട്ടികളെ നന്മയുടെ പാതയിലേക്ക് നമുക്ക് നയിക്കാം....

സ്നേഹപൂർവ്വം,

തോമസ്സ് വൈദ്യൻ പീ.കെ.
ചീഫ് എഡിറ്റർ

Published by St. Mary's Indian Orthodox Cathedral, Kingdom of Bahrain
for private circulation among Cathedral members only.



കർത്താവിൽ പ്രിയരെ,
വി. ദൈവമാതാവിൻെറ വാങ്ങിപ്പ് പെരുന്നാൾ ഒരിക്കൽ കൂടി കൊണ്ടാടുവാൻ നാം ഒരുങ്ങുകയാണ്. പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ പരിശുദ്ധ ദൈവമാതാവിൻെറ സ്ഥാനം അദ്വിതീയമാണ്. അതിനാൽ തന്നെ സഭയുടെ ആരാധനാ വർഷത്തിൽ ഏറ്റവും കൂടുതൽ പെരുനാളുകൾ ആചരിക്കുന്നതും ദൈവമാതാവിൻെറ നാമത്തിലാണ്.
വ്രത ശുദ്ധിയോടെ നോമ്പിൻെറയും ഉപവാസത്തിൻെറയും പ്രാർത്ഥനയുടെയും അനുഭവത്തിൽ ഈ പെരുന്നാൾ നമുക്ക് ആചരിക്കാം.

നമ്മുടെ ഇടവകയുടെ ആഭിമുഖ്യത്തിൽ ഇൻഡോ ബഹറിൻ ഫാമിലി മീറ്റ് – 2 വിജയകരമായി നടത്തുവാൻ സാധിച്ചതിൽ അതിയായി സന്തോഷിക്കുന്നു . അതോടൊപ്പം അതിനുവേണ്ടി പ്രവർത്തിച്ച ഏവരെയും അനർഘമായി ശ്ലാഘിക്കുന്നു. ഇതിനോടനുബന്ധിച്ച് ഡോകുമെൻറ്ട്രിയും സുവനീർ പ്രസിദ്ധീകരിക്കുവാൻ സഹായിച്ച എല്ലവരോടും നന്ദിയും സന്തോഷവും ചാരിതാർഥ്യമുണ്ട് . ചടങ്ങിൽ പങ്കെടുത്ത് നമ്മുടെ കത്തീഡ്രലിനെ പറ്റി പ്രശംസിച്ച പരി: കാതോലിക്കാ ബാവായുടെയും ബഹുമാന്യ കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും,ആഭ്യന്തിര മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻെറയും എം.എൽ.എ. ശ്രീ. സുരേഷ് കുറുപ്പിൻെറയും വാക്കുകൾ ഇടവകയ്ക്കു കൂടുതൽ ആവേശം നൽകുന്നു.

OVBS വിജയപ്രദമായി സമാപിക്കുകയും Summer Fiesta'13 വിജയകരമായി മുന്നേറുകയും ചെയ്യുന്നതിൽ അനീഷ് ശെമ്മാശ്ശൻെറ നേതൃത്വ പാടവവും സഹകരണവും എടുത്തു പറയേണ്ടവയാണ്. ദൈവം തമ്പുരാൻ കൂടുതലായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

പ്രിയമുള്ളവരെ, നമ്മുടെ കർത്താവിൻെറ മറുരൂപ പെരുന്നാൾ യോഹന്നാൻ മാംദാനയുടെ ശിരച്ഛേദനത്തിൻെറ ഓർമ്മ കൂടാതെ പരിശുദ്ധ സഭയെ നയിച്ച് സ്വർഗ്ഗീയ സംഘങ്ങളുടെ അണികളിലേക്ക് ചേർക്കപ്പെട്ട പൗലോസ് മാർ പക്കോമിയോസ് മെത്രാപോലീത്ത, അബ്ദുദ്ദ് മശിഹ പാത്രിയർക്കീസ്, മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത എന്നിവരുടെ ഓർമ്മയും ഈ മാസം നാം കൊണ്ടാടുന്നു,
പരി. ദൈവമാതാവിൻെറ നാമത്തിൽ സ്ഥാപിതമായ ഈ ദൈവാലയത്തിൽ ദൈവമാതാവിൻെറ മദ്ധ്യസ്ഥതയിൽ കൂടുതൽ അനുഗ്രഹങ്ങളെ നമുക്ക് പ്രാപിക്കാം പരിശുദ്ധ: ദൈവമാതാവിൻെറയും, പരിശുദ്ധ പരുമലതിരുമേനിയുടെയും മറ്റ് എല്ലാ പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയാൽ കത്തിഡ്രലിൻെറ എല്ലാ പ്രവർത്തനങ്ങളും വിചാരിക്കുന്നതിലും വളരെ ഭംഗിയായി നടത്തുവാൻ സാധിക്കുന്നു.

സ്നേഹപൂർവ്വം

വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ അച്ചൻ.

**E-mail: vattaparampilachen@gmail.com**
**Mob: 39445358**



## Shine as stars in the world!

-Dn. Anish Peter John

"Understand that you have within yourself, upon a small scale, a second universe: within yourself there is a sun, there is a moon, and there are also stars" – Origen

St. Paul in his letter to the Philippians 2:15 exhorts "…shine as stars in the world…"

The letter to Philippians, was composed by Apostle Paul around 61-63 A.D (Acts 28:16-31) during his house arrest in Rome. The major theme running through this letter is the dynamism of our life in Christ. Paul founded the church at Philippi, during his second missionary journey (A.D 50-51), and which was also the first church in whole of Europe. The problem of opponents and false teachers at Philippi was a troubling concern kept in mind while writing this Epistle.

Paul in vs.15 seeks from his readers an ultimate response of Christian discipleship, to shine as light amidst of darkened and perverse generation. The word Phoster means any light-bearing body. It was used of a torch, a lantern, even of harbour beacons. He is appealing to them to accept their responsibility as children of God to be Phosteres en to Kosmo (lights in the world) to carry light of truth and goodness to their morally corrupt world. As light dispels darkness, so Christians are to dispel the darkness of evil and ignorance that is everywhere around them.

Jesus said, "I am the Light of the world" When Christ himself says He is the "Light of the world" and again "I am the True Light", it presupposes that all other lights are derivatives of the True light, the dazzling Sun. Light is the largest source of energy for earth. Life evolves from light on the planet. It acts as a catalyst to life on this earth. Light leads and helps one to see, see clearly. It reveals and exposes what was hidden.

A star is a massive, luminous sphere of plasma held together by gravity. A star led the whole humankind to Christ on that wintry night. The bright star that shone in the sky led the three wise men to the manger, where Jesus, the true light was born. As prototypes of the True light, we are to lead others to Him. St. Paul through his epistle encourages us to be like stars in this perverse and dark world. And this is the same reflection that Christ provides us when he said 'you are the light of the world"( Mt 5:14) and again "I am the true light" (Jn Jn 8:12). As a star that leads others to Christ, deriving light from the true source Jesus himself, let us lead and shine.

As D.L Moody puts it, "Lighthouses don't ring bells and fire canons to call attention to their shining; they just shine."

Let our prayers be as the hymn before public celebration of Holy Eucharist goes, "By thy light we see the light Jesus full of light, though true light does give thy light to thy creatures all…"

As stars of this world let's shine and be reflectors of the True Light, to others.



കർത്താവിനാൽ അനുഗ്രഹിക്കപ്പെട്ട ഇടവക ജനങ്ങളെ,

2013 ജൂലൈ മാസം സെൻറ് മേരീസ് കത്തീഡ്രലിൻെറ ചരിത്രത്തിൻെറ ഭാഗമായി മാറിയതിൽ അതിയായി സന്തോഷിക്കുന്നു. എല്ലാ അഞ്ചുവർഷം കൂടുമ്പോഴും ബഹറിനിലെ നാം ഓരോരുത്തർക്കും നമ്മുടെ പൂർവ്വികരുടെ സാന്നിധ്യത്തിൽ കുടുബസംഗമം നടത്തുന്നതിന് ലഭിച്ച കൃപ വളരെയേറെയാണ്. ഇൻഡോ– ബഹറിൻ ഓർത്തഡോക്സ് കുടുബ സംഗമത്തിൽ പരി. ബാവാ തിരുമനസ്സ്, സഭയിലെയും സമൂഹത്തിലെയും മറ്റ് പ്രമുഖ വ്യക്തികളും വളരെയധികം വിശ്വാസികളും വന്ന് സംബന്ധിക്കുകയും വിജയപ്രദമാക്കുകയും ചെയ്തു. 2013 ലെ മാനേജിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ അത് നടത്തുവാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. ഏവരോടുമുള്ള നന്ദി ഈതരുണത്തിൽ അറിയിക്കുന്നു പ്രത്യേകിച്ച് ജനറൽ കൺ വീനർ ശ്രീ. എ. ഓ. ജോണിയോടും ബാക്കി കമ്മറ്റിയംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

സമ്മർഫീയസ്റ്റ്‘13 കുഞ്ഞുങ്ങൾക്ക് വിനോദവും വിജ്ഞാനപ്രദവുമായ ക്ലാസുകൾ ഒരുക്കുന്നതിൽ വളരെയേറെ മുൻപന്തിയിലാണ്. അതിൻെറ സമാപനം ആഗസ്റ്റ് 16ന് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ജൂലൈ 27 ാം തീയതി ശനിയാഴ്ച്ച വി.കുർബാന അർപ്പിച്ച ഫാദർ വർഗീസ് ജോർജിനോടുള്ള നന്ദിയറിയിക്കുന്നു.

ആഗസ്റ്റ് 1 ാം തീയതി ശൂനോയോ നോമ്പ് ആരംഭിക്കുകയാണല്ലോ. 15 ാം തീയതി ദൈവമാതാവിൻെറ വാങ്ങിപ്പ് പെരുന്നാൾ നാം ആചരിക്കുന്നു. ദൈവമാതാവിൻെറ മദ്ധ്യസ്ഥതയിൽ ഏവരും അനുഗ്രഹങ്ങളെ പ്രാപിക്കണമെന്ന് അപേക്ഷിക്കുന്നു. അതോടൊപ്പം ആഗസ്റ്റ് 6 ന് നടത്തുന്ന കൂടാരപ്പെരുനാളിലും ഏവരും നേർച്ച കാഴ്ച്ചകളോടെ വന്ന് അനുഗ്രഹം പ്രാപിക്കണം.

പ്രവാസികളായ നമ്മുടെയൊക്കെ മനസ്സിൽ മാതൃരാജ്യത്തോടുള്ള സ്നേഹവും സ്വാതന്ത്ര്യത്തിനുവേണ്ടി ധീര രക്തസാക്ഷിത്വം വരിച്ചവരുടെ ഓർമ്മകളും അയവിറക്കികൊണ്ട് ഭാരതത്തിൻെറ 66 ാം സ്വാതന്ത്ര്യദിനത്തിൽ നമുക്കും പങ്കുചേരാം. ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ നേരുന്നതോടൊപ്പം 2013 ഇടവക ആക്ടിംഗ് സെക്രട്ടറിയായ് ചുമതല വഹിക്കുവാൻ ദൈവംതമ്പുരാൻ ഒരുക്കിയ വലിയ അവസരത്തിനെ നന്ദിപൂർവ്വം സ്മരിക്കുന്നു.
സ്നേഹത്തോടെ

രെഞ്ചി മാത്യു

ഇടവക ആക്ടിംഗ് സെക്രട്ടറി.






## OVBS Grand Finale 2013



















## Summer Fiesta'13















## Indo Bahrain Family Meet-2 at Kottayam


















Indo Bahrain Family Meet-2 at Kottayam







Farewell



Koinonia Fund Collection





കർത്താവിൽ പ്രിയരെ,

ഇവൻ എൻെറ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, ഇവന് ചെവികൊടുപ്പിൻ
( മത്തായി 17; 5)

താബോർ മലയിൽ യേശുക്രിസ്തുവും പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശിഷ്യന്മാരും കൂടി പോയ അവസരത്തിൽ ക്രിസ്തുവിൻെറ രൂപാന്തരം നടക്കുകയും ശിഷ്യന്മാർ മൂവരും സാക്ഷികളാവുകയും ചെയ്തു. യഹോവയുടെ ദാസനായ മോശയും പ്രവാചകനിൽ പ്രധാനിയായ ഏലിയാവും അവിടെ പ്രത്യക്ഷ്യപ്പെട്ടു. മോശ മരിച്ച് മഹത്വത്തിൽ പ്രവേശിച്ചവരുടെ പ്രതിനിധിയും, ഏലിയാവ് രൂപാന്തരം പ്രാപിച്ച് മഹത്വത്തിൽ പ്രവേശിച്ചവരുടെ പ്രതിനിധിയുമാണ്. ഇസ്രയേൽ ജനത അതുവരെ ചെവികൊടുത്തത് ന്യായപ്രമാണത്തിനായിരുന്നു. എന്നാൽ ദൈവം യേശുവിന് ചെവികൊടുപ്പിൻ എന്ന് പറഞ്ഞുകഴിഞ്ഞപ്പോൾ മോശയും ഏലിയാവും അപ്രത്യക്ഷരായി എന്ന് നാം കാണുന്നു. യോഹന്നാൻെറ സുവിശേഷം 1; 14 ലും, 2 പത്രോസ് 1:16 ലും യേശുവിൻെറ മഹിമയും തേജസ്സും ശിഷ്യന്മാർ കണ്ടതായി സാക്ഷീകരിക്കുന്നു.

യേശുക്രിസ്തുവിൻെറ ക്രൂശീകരണശേഷം യോഹന്നാൻ ഗുരുവിൻെറ കൽപ്പനപ്രകാരം ദൈവമാതാവിനെ സംരക്ഷിക്കുകയും മരണ സമയത്ത് വിവിധ സ്ഥലങ്ങളിലായിരുന്ന ശിഷ്യന്മാർ യേരുശലേമിൽ തിരികെയെത്തി മാതാവിനെ അടക്കം ചെയ്തു എന്നും നാം വിശ്വസിക്കുന്നു. ഇന്ത്യയുടെ ഉൾനാടുകളിലായിരുന്ന തോമാശ്ലീഹാ പിന്നീട് ശ്ലീഹന്മാരുടെ അടുത്തെത്തി കബർ തുറന്ന് കാണുകയും ശൂന്യമായ കല്ലറകണ്ട് കന്യകമറിയാം സ്വർഗാരോഹണം ചെയ്തു എന്നും വിശ്വസിക്കുന്നു.

കന്യകമറിയാമിൻെറ സ്വർഗ്ഗാരോഹണപ്പെരുന്നാൾ സഭ ആചരിക്കുന്നില്ല എങ്കിലും ആ വിശ്വാസത്തെ നിരാകരിക്കുന്നില്ല. ഏലിയാവിനെ ഉടലോടെ അഗ്നിത്തേരിൽ സ്വർഗ്ഗത്തിലേക്ക് എടുത്തവനായ ദൈവം തൻെറ മനുഷ്യാവതാരത്തിൽ തനിക്ക് മാതാവായവളുടെ ശരീരം ജീർണിക്കുവാൻ അനുവദിക്കാതെ സ്വർഗ്ഗത്തിലേക്ക് എടുത്തു എന്ന് നമുക്ക് വിശ്വസിക്കാം.
വ്രതശുദ്ധിയോടെ നമുക്ക് ഈ നോമ്പുകളും പെരുനാളുകളും ആചരിക്കാം.
ദൈവത്തിൻെറ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം
ഇടവക ആക്ടിംഗ് ട്രസ്റ്റി

പി ജി. മാത്യുകുട്ടി

അമേരിക്കൻ മിഷൻ ഏരിയായിൽ താമസിക്കുന്ന ശ്രീ. ജിനു കെ.പി യുടെ പിതാവ് കെ.കെ. പൗലോസ് (66) 21/06/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സുൽത്താൻ ബെത്തേരി സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഷെയ്ക്ക് ഹാമ്മദ് / ലൂലു ഏരിയായിൽ താമസിക്കുന്ന ശ്രീ. വർഗീസ് എം തോമസിൻെറ പിതാവ് (86) കെ.ജെ തോമസ് 26/06/13 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം വളഞ്ഞവട്ടം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

അദല്യാ/ ഉമ്മൽഹസ്സം ഏരിയായിൽ താമസിക്കുന്ന ശ്രീ: പ്രസാദ് കുര്യൻെറ പിതാവ് ശ്രീ: കുര്യാക്കോസ് 04/07/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം കൊട്ടാരക്കര, ഇപ്പല്ലൂർ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഗഫൂൾ / കമ്മീസ് ഏരിയായിൽ താമസിക്കുന്ന സെൽ വൻ വർഗീസിൻെറ പിതാവ് ശ്രീ. വി.വർഗീസ് (78) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം റാന്നി ബെഥനി സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഹൂറാ ഏരിയായിൽ താമസിക്കുന്ന ടി.എം. കുരുവിളയുടെ ഭാര്യാ പിതാവ് പി.സി. മാത്യു 07/07/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം തോട്ടയ്ക്കാട് മാർ അപ്രേം ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

മനാമ്മ ഏറിയായിൽ താമസിക്കുന്ന ശ്രി. അനിയൻ എബ്രഹാം,ചർച്ച് നോർത്ത് ഏരിയായിൽ താമസിക്കുന്ന സജി എബ്രഹാം,ഷെയ്ക്ക് ഹാമ്മദ് / ലൂലു ഏരിയായിൽ താമസിക്കുന്ന ശ്രീ. ഷാജി എബ്രഹാം, എന്നിവരുടെ പിതാവും, ശ്രീ. ചെറിയാൻ സമുവേലിൻെറ ഭാര്യാ പിതാവുമായ സി. എം. എബ്രഹാം 13/07/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം നിരണം വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

ഗുദേബിയാ ഏരിയായിൽ താമസിക്കുന്ന ശ്രീ. സി.എസ്. ജോർജ്ജിൻെറ പിതാവ് കെ സാമുവേൽ 16/07/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം മാവേലിക്കര പത്തിച്ചിറ സെൻറ് ജോൺസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

സൽമാനിയാ ഏരിയാ മാനേജിംഗ് കമ്മറ്റിയംഗം ബാബു ഫിലിപ്പോസിൻെറ ജേഷ്ഠ സഹോദരൻ കുഞ്ഞൂട്ടി (62) 17/7/2013 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം ആൻഡമാനിൽ വെച്ച് നടത്തപ്പെട്ടു.

---

ഇടവകയുടെ മുൻ അംഗവും ഗഫൂൾ /കമ്മീസ് ഏരിയായിൽ താമസ്സിക്കുന്ന എബ്രഹാം ശമുവേലിൻെറ പിതാവുമായ എൻ. ശമുവേൽകുട്ടി (88) കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം തേക്കടി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെട്ടു.

---

4. ഷെയ്ക്ക് ഹമദ് ലുലു ഏരിയായിൽ താമസിക്കുന്ന ജേക്കബ് തോമസ്സിൻെറ മാതാവും, മുഹറക്ക് ഏരിയായിൽ താമസിക്കുന്ന റിജോ തങ്കച്ചൻെറ ഗ്രാൻറ് മദറുമായ മുത്താം മാത്തിൽ സാറാമ്മ തോമസ്സ് (90) 26/07/2013 കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് പാവുക്കര വെച്ച് നടത്തപെട്ടു.

---

ദിവ്യബോധനം P.O.C.E ക്ലാസ്സുകൾ എല്ലാ തിങ്കളാഴ്ച്ചയും വൈകിട്ട് 8.00 ന് കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു. വിഷയം: സഭവളരുന്നു.
D.O.C.E ക്ലാസ്സുകൾ എല്ലാ ചൊവ്വാഴ്ച്ചയും വൈകിട്ട് 8:00 നും കത്തീഡ്രലിൽ വച്ച് നടത്തിവരുന്നു. Book No: 13–പ്രവാചക സന്ദേശം

പള്ളിപരിസരത്ത് വാഹനങ്ങൾ പാർക്ക് ചെയ്ത് പരിസരവാസികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

## തുർക്കിയിലേക്കൊരു തീർത്ഥയാത്ര

ദിവ്യബോധനം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വേദപുസ്തകചരിത്രം ഉറങ്ങിക്കിടക്കുന്ന തുർക്കിയിലേക്കൊരു തീർത്ഥയാത്ര. 2013 ഒക്ടോബർ മാസം 11 മുതൽ 18 വരെ. ദൈവമാതാവിന്റെ എഫെസോസിലെ വീട്,സഭാ സുന്നഹദോസുകൾ നടന്ന സ്ഥലങ്ങൾ,വി. പൗലോസിന്റെ ജന്മസ്ഥലം, വെളിപാട് പുസ്തകത്തിലെ സഭകൾ, ചരിത്രപ്രസിദ്ധമായ പള്ളികൾ, അപ്പോസ്തോലന്മാരുടെ പ്രവർത്തന സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ദിവ്യബോധന യൂണിറ്റ് അംഗങ്ങളുമായി ബന്ധപ്പെടുക.

**K.E.Varghese: 36807890**
**Roy Baby : 39941420**

# HOLY LAND VISIT

## VISITING PLACES(TOUR PLAN)
## Jordan - Israel - Egypt

**Amman, Mount Nebo, Nazreth, Cana, Mount of Beatitude, Capernaum, Sea of Galilee, Jaffa, Jerusalem, Mount of Olives and Gethsemane, Jericho, Dead Sea, Bethlehem, Jerusalem Old City – Via Dolorsa – Golgoth, Bethany, Cairo, Sphynix, Old Cairo, Christian Church**

**Shibu C. George**
**Secretary**
**39689639**

**Binu Pappachen**
**Co-Ordinator**
**39198193**

| Date | Time | Area | Address /Venue |
|---|---|---|---|
| 02/08/2013 | 6.00 P M | Church South | **Mr. C. M. Mathai ,**<br>FLAT: 409, SANA Bldg ,<br>Salmaniya, Mob: 38466940 |
| 09/08/2013 | 4.30 P M | Gafool – Khamis | **Mr. Jishu P. Joy**<br>BLDG : 1157, RD :1223, FLAT:45,<br>Near Al Dana Nursery , Mob: 39927121 |
| 09/08/2013 | 5.30 P M | Hoora | **Rajan P.T.**<br>FLAT:21,BLDG: 31547, RD: 1856<br>MOB: 39850680 |
| 9/08/2013 | 6.00 P M | Gudabiya | **Mr. Shergy P. Baby**<br>Flat : 12, BLDG: 3219 , BLK: 321 ,<br>Mob # 39245250 |
| 09/08/2013 | 7.30 P M | American Mission | **Mr. Samson George K.**<br>FLAT: 15, BLDG:1216, RD:616,<br>Manama . Mob: 38894129 |
| 19/08/2013 | 7.30 P M | Isa Town / Salmabad | **Hosted Group of Members.**<br>Theophilus Hall, SMIOC |
| 23/08/2013 | 11.30 A M | Riffa / Sitra | **Mr. Jojin George Mathew**<br>Villa: 422, RD: 1708, Block : 917<br>Mob: 38432102 |
| 23/08/2013 | 4.30 P.M | Salmaniya | **Mr. Jacob Mathew**<br>FLAT: 22, BLDG: 672, BLK: 329,<br>Mob: 36171808 |
| 23/08/2013 | 6:00 P.M. | Sh.Hammad-Lulu | **Mr. Mathew Kallarackal Chacko**<br>Flat: 203,Bldg:927, Road:326<br>Alnooh Building,Mob: 39165212 |
| 23/08/2013 | 7.15 P.M | Manama | **Mr. Shibu C. George**<br>FLAT: 407, BLDG: 1770, RD: 231,<br>NEXTO BLDG, Mob: 39689639 |
| 30/08/2013 | 4.30 PM | Sugaiya / Zinj | **Mr. Philip . P.M**<br>FLAT:21, BLDG: 36, BLK : 328,<br>Sugaiya, Mob: 3699096 |
| 30/08/2013 | 6.00 P M | Adliya Ummalhassam | **Hosted by Mr. Mathewkutty. P.G.**<br>Theophilus Hall, SMIOC ,<br>Mob: 39247665 |
| | | Muharaq | **Mr. K.O Kurian,**<br>FLAT: 13, BLDG : 1710, RD: 1630,<br>BLK: 216 , Mob: 39698403 |
| | | Church North | To be Announced |

# *Favours Received*



**Biju Thankachan**
**Jincy R. Thomas**
**Beon Biju Thankachan**



**Binu Pappachen**
**Sheeba Binu**
**Lizbeth Elsa Binu**
**Linet Marriam Binu**
**Lyra Elizabeth Binu**



**Sijumon Chacko**
**Lintu Siju**
**Manna Siju Chacko**



**Well Wisher**

# Favours Received



Anil Mathew
Elizabeth Zachariah
Steve Anil Mathew
Grace Maria Anil



Anu Raj Tharakan
Blessy Sara Joy
Nakshathra Elsa Tharakan
Aakash Varghese Tharakan



Eapen Thomas
Suja Eapen
Beaulah Reeba Eapen
Noela Rachel Eapen
Joel Thomas Eapen



Mathew Kutty P.G.
Suja Mathews
Max Mathews
Simi Elsa Mathews
Rishi Joy



Abraham P.P.
Jessy Abraham



Renji Mathew
Reni Renji
Renu Rose Renji
Richa Sara Renji